

FRIDAY 16-09-2022 വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**


**Chief Editor : Suraj S** **Editor : Dr. Saritha Vijayan K.**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-16/09/2022.

1. 2022 സീസണിലെ കൊപ്ര സംഭരണത്തിനായി ആഗസ്റ്റ് 1 വരെ അനുവദിച്ചിരുന്ന കാലാവധി നവംബർ 6 വരെ നീട്ടിയതായി കൃഷി മന്ത്രി പി പ്രസാദ് അറിയിച്ചു. സംസ്ഥാനത്തെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്തു സംഭരണ കാലാവധി നീട്ടണമെന്ന സർക്കാരിന്റെ ആവശ്യപ്രകാരമാണ് കേന്ദ്രം ഇപ്പോൾ നവംബർ 6 വരെ കാലാവധി നീട്ടിയിരിക്കുന്നത്.

2. നാളികേര വികസന ബോർഡിന്റെ നേര്യമംഗലത്തുള്ള വിത്തുൽപാദന പ്രദർശന തോട്ടത്തിൽ ഗുണമേന്മയുള്ള നാടൻ, കുറിയ ഇനം തെങ്ങിൻ തൈകൾ വിൽപനയ്ക്കു തയാറായിട്ടുണ്ട്. നാടൻ തൈ ഒന്നിന് 100 രൂപയും, കുള്ളൻ തൈ ഒന്നിന് 110 രൂപയുമാണ് വില. 10 തൈകൾ എങ്കിലും വാങ്ങുന്ന കർഷകർക്ക് സി.ഡി.ബിയുടെ തെങ്ങു പുതുകൃഷി പദ്ധതി പ്രകാരമുള്ള സബ്സിഡി ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ഓഫീസുമായോ 0485 – 225 4240 എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടുക.

3. മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന റാബീസ് ഫ്രീ കേരള പദ്ധതിയുടെ ഭാഗമായി വിതുര ഗ്രാമപഞ്ചായത്തിന്റെയും വിതുര വെറ്ററിനറി ഡിസ്പെൻസറിയുടെയും ആഭിമുഖ്യത്തിൽ ബോണക്കാട്, മരുതാമല, തേവിയോട്, കൊപ്പം, വിതുര മേഖലകളിൽ പേവിഷ പ്രതിരോധ കുത്തിവയ്പ് ഉണ്ടായിരിക്കുന്നതാണെന്ന് വെറ്ററിനറി സർജൻ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് **0472 2859500** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

4. **കാട്ടാക്കട** ഗ്രാമപഞ്ചായത്തിന്റെയും വെറ്ററിനറി ഹോസ്പിറ്റലിന്റെയും ആഭിമുഖ്യത്തിൽ ഈ മാസം 28 വരെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പേവിഷ പ്രതിരോധ കുത്തിവയ്പ്പിനുള്ള ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. വളർത്തുനായ്ക്കൾ, പൂച്ചകൾ എന്നിവയെ മുപ്പത് രൂപ അടച്ച് പ്രതിരോധ കുത്തിവയ്പ്പിന് വിധേയമാക്കണമെന്ന് സീനിയർ വെറ്ററിനറി സർജൻ അറിയിച്ചു. കൂടാതെ, ഏതെങ്കിലും സാഹചര്യത്തിൽ ക്യാമ്പിൽ കൊണ്ടുവരാൻ സാധിക്കാത്ത നായ്ക്കളെ ഈ മാസം 17 മുതൽ 28 (സെപ്റ്റംബർ 17 മുതൽ 28 വരെ) വരെയുള്ള തീയതികളിൽ ആശുപത്രിയിൽ കൊണ്ടുവന്ന് വാക്സിനേഷൻ എടുക്കാവുന്നതാണെന്നും സീനിയർ വെറ്ററിനറി സർജൻ അറിയിക്കുന്നു.

5. പുതുപ്പള്ളി ഗ്രാമപഞ്ചായത്ത് ജനകീയാസൂത്രണ പദ്ധതി പ്രകാരം വളർത്തുമൃഗങ്ങൾക്ക് പേവിഷബാധ പ്രതിരോധ കുത്തിവെപ്പ് നാളെ (സെപ്റ്റംബർ 17 ശനിയാഴ്ച) രാവിലെ 9 മുതൽ 11 വരെ കാഞ്ഞിരത്തുംമൂട് YMCA ലൈബ്രറിക്ക് സമീപം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ **9495621420**

6. പാളയം സാഫല്യം കോംപ്ളക്സിൽ പ്രവർത്തിക്കുന്ന കൃഷി ഭവനിൽ അത്യുത്പ്പാദന ശേഷിയുള്ള നാടൻ തെങ്ങിൻ തൈകൾ വില്പനയ്ക്കായി എത്തിച്ചേർന്നിട്ടുണ്ട്. ഒരെണ്ണത്തിന് 50 രൂപയാണ് വില. ആവശ്യമുള്ളവർ കൃഷി ഭവനുമായി ബന്ധപ്പെടണമെന്ന് കൃഷി ഫീൽഡ് ഓഫീസർ അറിയിച്ചു

7. കുടപ്പനക്കുന്ന് പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ ഒരു ദിവസം പ്രായമായ 1300 ഗ്രാമശ്രീ ഇനത്തിൽപ്പെട്ട പൂവൻ കുഞ്ഞുങ്ങൾ പത്ത് രൂപ നിരക്കിൽ ഇന്ന് (സെപ്റ്റംബർ 16) വിതരണം ചെയ്യുന്നു. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 04 മണി വരെ **0471 2730804** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

8. സംസ്ഥാന മൃഗസംരക്ഷണ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവർ ചേർന്ന് നടപ്പാക്കുന്ന തെരുവ് നായ നിയന്ത്രണ, പേവിഷബാധ നിർമാർജ്ജന നടപടികളോട് ചേർന്ന് പ്രവർത്തിക്കുന്നതിന്റെ ഭാഗമായി കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് സർവ്വകലാശാലയിലെ വിവിധ ക്യാമ്പസുകളോടനുബന്ധിച്ച പ്രദേശങ്ങളിൽ ബ്ലോക്ക് അടിസ്ഥാനത്തിൽ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി ബോധവൽക്കരണം, പ്രതിരോധ കുത്തിവെയ്പ് ഉൾപ്പെടെയുള്ള മൃഗസംരക്ഷണ വകുപ്പിന്റെ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നു എന്ന് പൂക്കോട് വെറ്ററിനറി ആന്റ് അനിമൽ സയൻസസ് സർവ്വകലാശാലയിലെ ഡയറക്ടർ ഓഫ് എന്റർപ്രണർഷിപ്പ് അറിയിച്ചു.

**പരിശീലന പരിപാടികൾ**

9. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഈ പഠനകേന്ദ്രം തേനീച്ചവളർത്തൽ എന്ന വിഷയത്തിൽ സംഘടിപ്പിക്കുന്ന മാസിവ് ഓപ്പൺ ഓൺലൈൻ കോഴ്സിന്റെ പുതിയ ബാച്ച് ഈ മാസം 22 ന് ആരംഭിക്കുന്നു. കേരള കാർഷിക സർവകലാശാലയിലെ ശാസ്ത്രജ്ഞരാണ് ഇതിലെ ക്ലാസുകൾ കൈകാര്യം ചെയ്യുന്നത്. ഈ കോഴ്സിൽ രജിസ്റ്റർ ചെയ്യാനുള്ള അവസാന ദിവസം 2022 സെപ്റ്റംബർ 21

വരെയാണ്. 20 ദിവസം ദൈർഘ്യമുള്ള ഈ കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. ഫൈനൽ പരീക്ഷ പാസാകുന്ന പഠിതാക്കൾക്ക് ആവശ്യമെങ്കിൽ സർട്ടിഫിക്കറ്റും നൽകുന്നതാണ്. സർട്ടിഫിക്കറ്റിന് നിശ്ചിത ഫീസ് ഈടാക്കുന്നതാണ്. http://www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്റ്റർ ചെയ്തവർക്ക് സെപ്റ്റംബർ 22 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് യൂസർ ഐഡിയും പാസ്‌വേഡും ഉപയോഗിച്ച് ക്ലാസുകളിൽ പങ്കെടുക്കാവുന്നതാണ്.

10. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറി ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് മുഖാന്തിരം 2022 സെപ്റ്റംബർ 19, 20 തീയതികളിൽ മുട്ട കോഴിവളർത്തൽ 23, 24 തീയതികളിൽ ഇറച്ചി കോഴി വളർത്തൽ 26ന് കാട വളർത്തൽ എന്നീ വിഷയങ്ങളിൽ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ 10. 30 മുതൽ 3 മണി വരെ 0479 2457778 എന്ന നമ്പറിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

11. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ആട് വളർത്തൽ എന്ന വിഷയത്തിൽ 17/09/22ന് മലമ്പുഴ മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ വച്ച് രാവിലെ 10 മണി മുതൽ 4 മണി വരെ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ 0491-2815454, 9188522713 എന്ന നമ്പറിലേക്ക് വിളിച്ചു മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിന് പങ്കെടുക്കുവാൻ പോകുന്നവർ കയ്യിൽ ആധാർ കാർഡ് കരുതേണ്ടതാണ് എന്ന് മലമ്പുഴ മൃഗസംരക്ഷണ പരിശീലന കേന്ദ്രം അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു.

12. റബ്ബർപാലിൽനിന്നുള്ള ഉത്പന്നനിർമ്മാണത്തിൽ റബ്ബർബോർഡ് പരിശീലനം നൽകുന്നു. റബ്ബർപാൽസംഭരണം; സാന്ദ്രീകരണം; ലാറ്റക്സ് കോമ്പൗണ്ടിങ്; ഉത്പന്നങ്ങളുടെ രൂപകൽപന; ഗുണമേന്മാനിയന്ത്രണം; റബ്ബർബാൻഡ്, കൈയ്യുറ, റബ്ബർനൂൽ, ബലൂൺ, റബ്ബർപശ തുടങ്ങിയ ഉത്പന്നങ്ങളുടെ നിർമ്മാണം എന്നിവയിലുള്ള പരിശീലനം സെപ്റ്റംബർ 26 മുതൽ 30 വരെ കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വച്ച് നടക്കും. കൂടുതൽ വിവരങ്ങൾക്ക് 0481-2353127 എന്ന ഫോൺ നമ്പരിലോ 04812353201 എന്ന വാട്ട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടേണ്ടതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

13. ക്ഷീരവികസന വകുപ്പിന്റെ പട്ടത്തുള്ള ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് നാളെയും മറ്റെന്നാളുമായി (സെപ്റ്റംബർ 16, 17) **ശുദ്ധമായ പാലുൽപാദനം** എന്ന വിഷയത്തിൽ പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ ഇന്ന് (സെപ്റ്റംബർ 15) 5 മണിക്ക് മുൻപായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ നേരിട്ടോ രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ പരിശീലനത്തിന് എത്തുമ്പോൾ ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20 രൂപ. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഓരോ ദിവസവും 150 രൂപ ദിനബത്തയും ആകെ 100 രൂപ യാത്രാബത്തയും നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471 –2440911** എന്ന ഫോൺ നമ്പറിലോ, ക്ഷീര പരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി. ഓ തിരുവനന്തപുരം- 695004 എന്ന മേൽവിലാസത്തിലോ, ൃൃശിരശുമഹററേര്ോ@ഴാമശഹ.രീ എന്ന ഈ മെയിലിലോ ബന്ധപ്പെടേണ്ടതാണ്.

14. മലമ്പുഴ മൃഗസംരക്ഷണ കേന്ദ്രത്തിൽ വച്ച് ഈ മാസം 17-ന് (സെപ്റ്റംബർ 17) രാവിലെ 10 മണി മുതൽ 4 മണി വരെ **ആട് വളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡിന്റെ കോപ്പി കൊണ്ടുവരേണ്ടതാണ്. താൽപ്പര്യമുള്ളവർ **0491–2815454, 9188522713** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.